LIBRARY ARCHIVES Kerala Legislative Assembly

2013-14-ലെ സംസ്ഥാന ബഡ്ജറ്റിലെ വനം വകുപ്പിന്റെ പദ്ധതി വിഹിതം

298 (2127) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ വനം വകുപ്പിന്റെ പദ്ധതി വിഹിതം എത്ര ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ പദ്ധതിയ്ക്കുമായി അനുവദിച്ചതുക എത്രയെന്നും പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുതവർഷം പൂർത്തിയാകാത്ത പദ്ധതികൾക്ക് തുടർന്നുള്ള ബഡ്ജറ്റുകളിൽ വകയിരുത്തപ്പെട്ട തുക എത്ര വീതം ; അനുവദിക്കപ്പെട്ട തുക എത്ര വീതം ; പിൻവലിക്കാതെ അവശേഷിച്ച തുക എത്ര വീതം ; വ്യക്തമാക്കാമോ ;

(ഡി) ഇതു വരെയും പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികളുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2013-14-ലെ സംസ്ഥാന ബഡ്ജറ്റിലെ വനം വകുപ്പിന്റെ പദ്ധതി വിഹിതം 170.25 കോടി രൂപയാണ്.

(ബി) പ്രസ്തുത കാലയളവിൽ ഓരോ പദ്ധതിയ്ക്കുമായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച സ്റ്റേറ്റുമെന്റ് അനുബന്ധം I ആയി* ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(സി) പ്രസ്തുത വർഷം പൂർത്തിയാക്കാത്ത പ്രധാന ഒരു പദ്ധതിയെപ്പറ്റിയുള്ള വിവരം ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

പദ്ധതിയുടെ പേര്	വർഷം	ബഡ്ജറ്റിൽ വകയിരുത്തിയ തുക	അനുവദിക്കപ്പെട്ട തുക	പിൻവലിക്കാതെ അവശേഷിച്ച തുക
പുത്തൂർ സുവോളജിക്കൽ പാർക്ക്- വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം	2014-15	500.00	500.00	...
	2015-16	200.00	200.00	Ongoing

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുടർന്നുള്ള ബഡ്ജറ്റുകളിൽ വകയിരുത്തപ്പെട്ട തുകയും ചെലവഴിക്കപ്പെട്ട തുകയും അനുബന്ധം (2) ആയി * ചേർത്തിരിക്കുന്നു.

(ഡി) തൃശ്ശൂർ ജില്ലയിൽ പുത്തൂർ സുവോളജിക്കൽ പാർക്ക്-വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം എന്ന പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. നടപ്പു സാമ്പത്തിക വർഷം ടി പദ്ധതിക്കായി 200 ലക്ഷം രൂപ അനുവദിച്ചതിൽ 92,000 രൂപ (31-10-2015 വരെ) ചെലവഴിച്ചു.

നാട്ടാനകളുടെ പരിപാലനം

299 (2128) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകളുടെ പരിപാലനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളാ എലിഫന്റ് വെൽഫെയർ ബോർഡ് സ്ഥാപിക്കുന്നതിനായി എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(സി) ആനകളുടെ ചികിത്സയ്ക്കായി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടികൾ നിലവിലുണ്ടോ ;

(ഡി) ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുന്ന ആനകൾക്കുള്ള രജിസ്ട്രേഷൻ നടപടികളിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാട്ടാനകളുടെ ശരിയായ പരിപാലനം ഉറപ്പുവരുത്തുന്നതിനായി നിലവിലുണ്ടായിരുന്ന ചട്ടങ്ങൾ പരിഷ്കരിച്ച് 18-12-2012-ൽ ജി.ഒ.(പി) നമ്പർ 119/12/വനം പ്രകാരം ഉത്തരവായിരുന്നു. കൂടാതെ 21-1-2012-ലെ ജി.ഒ.(പി) 03/2012 വനം നമ്പർ ഉത്തരവ് പ്രകാരം ഉത്സവാഘോഷങ്ങൾക്കും പൊതു പരിപാടികൾക്കും ആനകളെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗരേഖകൾ അംഗീകരിച്ച് ഉത്തരവായിരുന്നു. മേൽ ചട്ടങ്ങളിലും മാർഗ്ഗരേഖകളിലും നിഷ്കർഷിക്കുന്ന പ്രകാരമുള്ള നടപടികൾ നാട്ടാന പരിപാലനത്തിനായി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ബഹുമാനപ്പെട്ട സുപ്രീം കോടതി WP(C) 743/14-ാം നമ്പർ കേസ്സിൽ 2015-ൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടർ നടപടികളും സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly